## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3981 — 25.06.2018-ൽ മറുപടിയ്ക്ക്

### പഠനമുറി ഒരുക്കുന്ന പദ്ധതിയിലെ ഗുണഭോക്താക്കൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികവർഗ്ഗ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ; | എ) | പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലോ സമാന ഇടങ്ങളിലോ ആണ് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാമൂഹ്യ പഠനമുറി സ്ഥാപിക്കുന്നത്. കുറഞ്ഞത് 30 വിദ്യാർത്ഥികളുള്ള സെറ്റിൽമെന്റുകളിലാണ് ഇവ സ്ഥാപിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 600 sq.ft. സൗകര്യമുള്ള വൈദ്യുതീകരിച്ച ഹാളുകളാണ് പഠനമുറികൾക്കായി തെരഞ്ഞെടുക്കുന്നത്. കോളനിയിൽ ഒന്നാം ക്ലാസ് മുതൽ ട്യൂഷൻ ആവശ്യമായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സാമൂഹ്യ പഠനമുറിയിൽ പ്രവേശനം നൽകുന്നതാണ്.<br><br>സംസ്ഥാനത്തെ ഗവ./എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള 800 sq.ft. വരെ വലിപ്പമുള്ള വീടിനോട് ചേർന്ന് 120 sq.ft. വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിനാണ് പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃലിസ്റ്റ് ലഭ്യമാകാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ചും |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. മുൻപ് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. |
| ബി) | ഈ പദ്ധതിയിൽ നിന്ന് സഹായം ലഭിക്കാൻ കൊയിലാണ്ടി മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്രപേർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്? | ബി) | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി വിദ്യാർത്ഥികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ ഊരുകൾ കേന്ദ്രീകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.<br><br>കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 133 അപേക്ഷകൾ ലഭിച്ചു. ഇതിൽ 2017-18 വർഷം 36 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ